പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 619 | 12.6.2012 ൽ<br>മറുപടിയ്ക്ക് |

**കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി – പ്രാരംഭ നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ ;<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി ;<br>ശ്രീ. പി.എ. മാധവൻ ;<br>ശ്രീ. പി.സി. വിഷ്ണുനാഥ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;<br><br>ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (എ) ആന്റ് (ബി)<br><br>സ്മാർട്ട്സിറ്റിക്കായി കാക്കനാട് വില്ലേജിലും പുത്തൻകുരിശ് വില്ലേജിലുംപെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് പാട്ടത്തിന് നല്കുകയുണ്ടായി. ഇതിൽ 132 ഏക്കർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖലാ പദവിക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പ്രദേശത്ത് 10900 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സെയിൽസ് പവലിയലൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ Conceptual Master plan തയ്യാറായി കഴിഞ്ഞു. മാസ്റ്റർ പ്ലാൻ അനുസരിച്ച് സെസ്സ് ലഭിച്ച ഭൂമിയിൽ 3.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. |
| സി) പ്രസ്തുത പദ്ധതിക്ക് സെസ്സ് പദവി ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ? | സി) 246 ഏക്കർ സ്ഥലം ഒറ്റ സെസ്സായി വിജ്ഞാപനം ചെയ്യണമെന്നുള്ള സ്മാർട്ട്സിറ്റിയുടെ അപേക്ഷ 19.9.2011 ൽ **SEZ Board of Approval, Ministry of Commerce** പരിഗണിക്കുകയും പ്രസ്തുത ആവശ്യം അംഗീകരിക്കുകയും ചെയ്തു. വിജ്ഞാപനം ഉടനെ പുറപ്പെടുവിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ